**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 288** | **23-01-2025 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നെല്ല് സംഭരണവുമായി ബന്ധപ്പെട്ടുള്ള പ്രതിസന്ധികൾ എന്തെല്ലാം എന്ന് വിശദമാക്കാമോ; | (എ) | കർഷകരിൽ നിന്ന് നെല്ല് സംഭരിക്കുന്നതിന് സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്ന നോഡൽ ഏജൻസിയാണ് സപ്ലൈകോ. കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതി പ്രകാരം FAQ (Fair Average Quality) ഗുണനിലവാരമുള്ള നെല്ല് മാത്രമേ സംഭരിക്കാൻ പാടുള്ളൂ. നിലവിൽ സപ്ലൈകോയുമായി കരാറിലേർപ്പെട്ടിട്ടുള്ള മില്ലുകൾ സപ്ലൈകോയുടെ മേൽനോട്ടത്തിൽ, കർഷകരിൽ നിന്ന് നേരിട്ടാണ് നെല്ല് സംഭരിക്കുന്നത്. പദ്ധതി പ്രകാരം ടി കർഷകരിൽ നിന്നും സംഭരിച്ച നെല്ല് കരാർ മില്ലുകളിൽ കുത്തി അരിയാക്കി ടി അരിയാണ് വിവിധ പദ്ധതികളിൽ റേഷൻകടകൾ വഴി വിതരണം ചെയ്യുന്നത്. അതുകൊണ്ടുതന്നെ നെല്ലിന്റെ ഗുണമേന്മ ഉറപ്പുവരുത്തുക എന്നത് സപ്ലൈകൊയെ സംബന്ധിച്ചിടത്തോളം ശ്രമകരമായ ഒരു ദൗത്യമാണ്. കർഷകരുടെ കൃഷിയിടങ്ങളിൽ നിന്നും നേരിട്ട് നെല്ല് സംഭരണം നടത്തുന്നതിൽ ഒത്തിരി പ്രതിസന്ധികൾ സപ്ലൈകോ അഭിമുഖീകരിക്കുന്നുണ്ട്. ആയതിനാൽ നെല്ല് സംഭരണത്തിൽ സപ്ലൈകോ നേരിടുന്ന പ്രധാന പ്രതിസന്ധിയിൽ ഒന്ന് സ്ഥിരമായ 'നെല്ല് സംഭരണ കേന്ദ്രങ്ങൾ' ഇല്ല എന്നുള്ളതാണ്.<br><br>കേന്ദ്ര-സംസ്ഥാന സർക്കാരിൽ നിന്നും സപ്ലൈകോയ്ക്ക് ലഭിക്കാനുള്ള ഭീമമായ കുടിശികയാണ് മറ്റൊരു പ്രതിസന്ധി. നെല്ല് സംഭരണത്തിന് കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ചേർന്ന് സപ്ലൈകോയ്ക്ക് നൽകുവാനുള്ള തുക രണ്ടായിരത്തിൽപരം കോടിയോളം രൂപ കുടിശികയാണ്. ഫണ്ടുകൾ യഥാസമയം ലഭിച്ചാൽ മാത്രമെ കർഷകർക്ക് നെല്ലിന്റെ സംഭരണ തുക സമയബന്ധിതമായി നൽകുവാൻ സപ്ലൈകോയ്ക്ക് സാധിക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| | | | 2025 ജനുവരി 19 വരെ കേന്ദ്ര, സംസ്ഥാന സർക്കാരുകളിൽ നിന്നും നെല്ല് സംഭരണത്തിന് ലഭിക്കുവാനുള്ള കുടിശിക തുകയുടെ വിവരങ്ങൾ **അനുബന്ധം I** ആയി ചേർക്കുന്നു.<br><br>കേരളത്തിൽ നെല്ല് സംഭരണ കേന്ദ്രങ്ങൾ (Paddy Procurement Centres) ഇല്ലാത്തതിനാൽ പാലക്കാട് ജില്ലയിൽ കർഷകരുടെ വീട്ടുകളിൽ നിന്നും, മറ്റ് ജില്ലകളിൽ കർഷകരുടെ പാടശേഖരങ്ങളിൽ നിന്നും നേരിട്ടാണ് മില്ലുകൾ നെല്ല് സംഭരിക്കുന്നത്. ഇപ്രകാരം നെല്ല് സംഭരിക്കുന്നതിന് മില്ലുകൾക്ക് ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഇനത്തിൽ ചിലവാകുന്ന തുക സപ്ലൈകോ നൽകുന്നു. ഇപ്രകാരം നെല്ല് സംഭരിച്ചതിന് മില്ലുകൾക്ക് 2017-18 മുതൽ 2022-23 വരെയുള്ള കാലയളവിൽ 257.41 കോടി രൂപയാണ് സപ്ലൈകോ നൽകിയിട്ടുള്ളത്.<br><br>2017-18 മുതൽ ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ തുക കേന്ദ്രത്തിൽ നിന്നും സപ്ലൈകോയ്ക്ക് ലഭിക്കുന്നില്ല. 2019- ൽ SLC (State Level Committee) കൂടി നിരക്ക് നിശ്ചയിച്ച് അതിൻപ്രകാരം ക്ലെയിം സമർപ്പിക്കുന്നതിന് കേന്ദ്രം മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി. ഇതനുസരിച്ച് 2017-18 മുതൽ 2020-21 വരെയുള്ള ബിൽ തുക 170.332 കോടി രൂപയും, 2021-22 മുതൽ 2022-23 വരെയുള്ള ബിൽ തുക 87.076കോടി രൂപയും ആണ് (ആകെ ട്രാൻസ്പോർട്ടേഷൻ തുക 257.41 കോടി രൂപ).<br><br>ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ 2017-18 മുതൽ 2022-23 വരെ സപ്ലൈകോയ്ക്ക് ചിലവായ 257.41 കോടി രൂപയുടെ ട്രാൻസ്പോർട്ടേഷൻ ക്ലെയിം GOI യ്ക്ക് സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ ഈ ക്ലെയിം കേന്ദ്ര സർക്കാർ അനുവദിച്ച് നൽകിയിട്ടില്ലാത്തതാണ്. കാരണം നെല്ല് സംഭരണ പദ്ധതി നടത്തിപ്പിൽ നെല്ല് സംഭരണ പദ്ധതി നടത്തുന്ന സംസ്ഥാനങ്ങളിൽ നെല്ല് സംഭരണ കേന്ദ്രങ്ങൾ ആവശ്യമാണ് എന്നുള്ളതാണ് കേന്ദ്ര സർക്കാർ നിർദ്ദേശം. അപ്രകാരം നെല്ല് സംഭരണ കേന്ദ്രങ്ങളിൽ നിന്നുമുള്ള നെല്ലിന്റെ 'കടത്തുകൂലി' മാത്രമെ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നൽകുകയുള്ളൂ. |
| (ബി) | നെല്ല് വിനിയോഗം സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനു നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതി നടത്തിപ്പിന് സംസ്ഥാന സർക്കാരിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്ന സപ്ലൈകോ നെല്ല് സംഭരണത്തിനായി സർക്കാർ അനുവദിക്കുന്ന തുകയാണ് ഉപയോഗിക്കുന്നത്. നെല്ല് സംഭരണ വിഭാഗത്തിൽ നിന്നും 2017-18 സീസൺ വരെയുള്ള |

| | | | |
|---|---|---|---|
| | | | ഓഡിറ്റ് റിപ്പോർട്ട് കേന്ദ്ര സർക്കാരിൽ സപ്ലൈകോ നൽകിയിട്ടുണ്ട്. 2018-19 സീസണിലെ ഓഡിറ്റ് റിപ്പോർട്ട് തയ്യാറായിട്ടുള്ളതാണ് ആയത് ഈ മാസാവസാനം കേന്ദ്രസർക്കാർ മുൻപാകെ സമർപ്പിക്കുന്നതാണ്. 2020-21 സാമ്പത്തിക വർഷത്തെ സപ്ലൈകോയുടെ ഓഡിറ്റ് പൂർത്തീകരിച്ചാൽ മാത്രമെ 2019-20 സീസണിലെ നെല്ല് സംഭരണ ഓഡിറ്റ് നൽകുവാൻ സാധിക്കുകയുള്ളു. കാരണം ഒരു സീസണിലെ നെല്ല് സംഭരണം യഥാർത്ഥത്തിൽ രണ്ട് സാമ്പത്തിക വർഷങ്ങളിൽ ആയിട്ടാണ് നടന്നു വരുന്നത്. |
| (സി) | നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും എത്ര തുകയാണ് ഇനി ലഭിക്കാനുള്ളതെന്ന് വിശദമാക്കാമോ; | (സി) | കേന്ദ്ര സർക്കാരിൽ നിന്നും 2017-18 മുതൽ 19.01.2025 വരെ (ട്രാൻസ്പോർട്ടഷേൻ ക്ലെയിം) ഉൾപ്പെടെ ലഭിക്കുവാനുള്ള തുക 1077.67 കോടി രൂപ.<br><br>നെല്ല് സംഭരണത്തിന് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുവാനുള്ള കുടിശിക തുകയുടെ വിശദാംശങ്ങൾ **അനുബന്ധം II** ആയി ചേർക്കുന്നു. |
| (ഡി) | നെല്ല് വിനിയോഗം സംബന്ധിച്ച് ഏറ്റവും ഒടുവിൽ കേന്ദ്രത്തിന് സമർപ്പിച്ച ഓഡിറ്റ് റിപ്പോർട്ട് എന്താണെന്ന് അറിയിക്കാമോ; | (ഡി) | നെല്ല് വിനിയോഗം സംബന്ധിച്ച് KMS(Kharif Marketting Season) 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടാണ് എറ്റവും ഒടുവിൽ കേന്ദ്ര സർക്കാരിന് നൽകിയിട്ടുള്ളത്. |
| (ഇ) | നെല്ല് സംഭരണവുമായി ബന്ധപ്പെട്ട വിഷയത്തിൽ കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിന് നൽകിയ കത്തിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ? | (ഇ) | 2024-25 സീസണിലെ നെല്ലിന്റെ സംഭരണ വില പ്രഖ്യാപിച്ചുകൊണ്ടുള്ള ഉത്തരവാണ് ലഭ്യമായിട്ടുള്ളത്. ആയത് **അനുബന്ധം III** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

| ക്രമ നം | സ്കീം | കുടിശിക (GOK/ GOI) | കുടിശിക തുക (കോടിയിൽ) | ആകെ കുടിശിക (കോടിയിൽ) |
|---|---|---|---|---|
| 1 | സംസ്ഥാന പ്രോത്സാഹന ബോണസ് (SIB) | GOK | 602.28 | |
| 2 | ഔട്ട് ടേൺ റേഷ്യോയിലുള്ള വ്യത്യാസം | GOK | 350.32 | 1058.13 |
| 3 | ടൈഡ് ഓവർ വിഹിതം (cost of CMR) | GOK | 105.53 | |
| 4 | Subsidy claim and transportation bill claim | GOI | 1077.67 | 1077.67 |
| | **Total** | | | **2135.80** |

# <u>അനുബന്ധം II</u>

| Pending claim amounts from GOI | | | | |
|---|---|---|---|---|
| FY | Amount Claimed (cr) | Sanctioned amount (cr) | Pending amount from GOI (Cr) | Remarks |
| 2017-18 | 742.68 | 736.31 | 6.37 | Normal reduction |
| 2018-19 | 538.2 | 531.66 | 6.54 | Normal reduction |
| 2019-20 | 1221.76 | 1125.11 | 96.65 | **1.** Excess offtake adjusted for tide over quantity of 35074.316/MT which leads to reduction in Rs.82.54Cr from the claimed amount<br>**2.** Rs.14.11cr is the normal reduction |
| 2020-21 | 1269.25 | 1254.15 | 15.10 | Rs 15.10 cr is due to normal reduction. |
| 2021-22 | 1380.91 | 1349.02 | 31.89 | **1.** Rs.11.33cr is reduced due to diff in rate of Rs.2600/MT For the Quantity 116197.51/MT<br>**2.** Rs.4.31cr is due to the diff for which supplementary bill submitted<br>**3.** Rs.16.25cr is the normal reduction. |
| 2022-23 | 1491.64 | 1140.41 | 351.23 | **1.** Excees distribution from Mapper report in PHH scheme (difference in qty)of 66028.93 MT Rs 207.56 cr<br>**2.** Reduction of rates due to excess collection of amount of Rs.2600/MT from beneficiary of Tide over category-Rs.31.26Cr<br>**3.** **7** % reduction in sanctioned amount due to non submission of Audited accounts (as per PPI) dated 24.02.2020 ) Rs 85.84 cr<br>**4.** Rs 26.57 cr is due to normal reduction |

| | | | | |
|---|---|---|---|---|
| 2023-24 | 1320.50 | 1183.8 | 136.7 | **1.** Rs.62.14cr is reduced due to non submission of audited accounts<br>**2.** Rs.38.38cr is reduced due to the difference in rate of Rs.2600/MT for the quantity 147599.674/MT<br>**3.** Rs.13.96cr is reduced as per mapper report difference in quantity of 3851.020/MT<br>**4.** Rs.13.39cr is the FRK bill (jan-march24) pending from GOI due to non submission of consolidated statement<br>(of which Rs:3.26 cr received)<br>**5.** Rs12.09 cr is the normal reduction |
| 2017-18 to 2022-23 | 257.41 | 0 | 257.41 | 2017-18 to 2022-23 (Transportation claim submitted to GOI) |
| 2024-25-Q2 | 565.79 | 390.01 | 175.78 | 1.Mapper Difference-Rs.86.03<br>2.Non submission of Audited accounts-Rs.43.83<br>3.Selling price difference-Rs.6.62<br>4.Normal Reduction-Rs.2.19 |
| 2024-25-Q3-Advance | 215.61 | 215.61 | 0 | Advance Claim Q3 for FY 2024-25 |
| **TOTAL** | **9,003.75** | **7,926.08** | **1,077.67** | |

Annexure-III

No 6-1/2024-MSP-ES
Government of India
Ministry of Agriculture and Farmers Welfare
Department of Agriculture & Farmers Welfare
Economics, Statistics & Evaluation Division
(MSP Unit)
*****

Krishi Bhawan, New Delhi
Dated: 26 June, 2024

**Subject: Price policy for Kharif Crops for Kharif Marketing Season (KMS) 2024-25-- Fixation of Minimum Support Prices.**

Government of India has fixed the Minimum Support Prices (MSPs) for all mandated Kharif Crops (Fair Average Quality) for Kharif Marketing Season (KMS) 2024-25. MSP of mandated Kharif crops for marketing season 2024-25 is as under:

| Commodity (Fair Average Quality) | Variety | Minimum Support Price (in ₹ per quintal) |
|---|---|---|
| **Cereals** | | |
| Paddy | Common | 2300 |
| | Grade 'A' | 2320 |
| Jowar | Hybrid | 3371 |
| | Maldandi | 3421 |
| Bajra | | 2625 |
| Ragi | | 4290 |
| Maize | | 2225 |
| **Pulses** | | |
| Tur/Arhar | | 7550 |
| Moong | | 8682 |
| Urad | | 7400 |
| **Oilseeds** | | |
| Groundnut | | 6783 |
| Sunflower seed | | 7280 |
| Soyabean | Yellow | 4892 |

JS (P)

| Commodity (Fair Average Quality) | Variety | Minimum Support Price (in ₹ per quintal) |
|---|---|---|
| Sesamum | | 9267 |
| Nigerseed | | 8717 |
| **Commercial** | | |
| Cotton | Medium Staple (Staple length (mm) of 24.5 - 25.5 and Micronaire value of 4.3 - 5.1) | 7121 |
| | Long Staple (Staple length (mm) of 29.5 - 30.5 and Micronaire value of 3.5 – 4.3) | 7521 |

2. The prices for different variety groups of rice be derived from the MSPs of paddy because of hulling/milling ratios as well as the processing and incidental charges obtaining in different states.

3. The prices of other varieties of cotton will be fixed by the Ministry of Textiles keeping in view the normal market price differentials and differentials between their staple lengths, micronaire value and other technical parameters.

4. In case of cereals and coarse cereals, Food Corporation of India (FCI) and other designated State Agencies would continue to provide price support to the farmers. State Governments will undertake procurement of coarse grains with the prior approval of Government and would distribute the entire procured quantity under National Food Security Act (NFSA). The subsidy will be provided only for the quantity issued under NFSA. National Agricultural Cooperative Marketing Federation of India Limited (NAFED), Small Farmers Agri – Business Consortium (SFAC) and other designated Central Agencies would continue to undertake procurement of pulses and oilseeds. Cotton Corporation of India (CCI) will be the central nodal agency for undertaking price support operations for cotton. The losses, if any, incurred by the nodal agencies in such operations may be fully reimbursed by the Government as per the guidelines.

5. The Ministries/Departments concerned are requested to take necessary action for providing price support operations as well as for wide dissemination of related information.

Dhananjay

(D.P. Srivastava)
Adviser (MSP)
Tel: 011-23382523

1. Secretary, Department of Economic Affairs, Ministry of Finance, North Block, New Delhi

2. Secretary, Department of Expenditure, Ministry of Finance, North Block, New Delhi
3. Secretary, Department of Food & Public Distribution, Krishi Bhawan, New Delhi
4. Secretary, Department of Consumer Affairs, Krishi Bhawan, New Delhi
5. Secretary, Department of Commerce, Udyog Bhawan, New Delhi
6. Secretary, Ministry of Textiles, Udyog Bhawan, New Delhi
7. CEO, NITI Aayog, NITI Bhawan, New Delhi
8. Chairman, CACP, Krishi Bhawan, New Delhi.
9. Additional Secretary (I&PS), Department of Agriculture & Farmers Welfare, Krishi Bhawan, New Delhi.
10. Joint Secretary (Policy), Department of Food & Public Distribution, Krishi Bhawan,
11. Joint Secretary (Marketing), Department of Agriculture & Farmers Welfare, Krishi Bhawan, (with request to direct the concerned officers for arrangements on displaying MSP in the APMC mandis).
12. DDG (Extension), Indian Council of Agriculture Research, Krishi Anusandhaan Bhawan, Pusa, New Delhi-110012 (with request to direct KVKs to disseminate the MSP to farmers).

**Internal Circulation to:**

1. All Additional Secretaries of DA&FW
2. All Joint Secretaries of DA& FW
3. All Advisers of DA& FW
4. PS to Hon'ble Minister for Agriculture and Farmers Welfare
5. PS to Hon'ble MoS for Agriculture and Farmers Welfare
6. PS to Secretary, DA&FW
7. PPS to Principal Economic Adviser, DA&FW
8. PPS to Sr. Economic & Statistical Adviser, DA& FW